പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 186 | 06.01.2014 ൽ മറുപടിക്ക്

## ജനകീയ സമരങ്ങളോടുള്ള പോലീസിന്റെ സമീപനം

ശ്രീ. വി. ശിവൻകുട്ടി
,, ആർ. രാജേഷ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. വി. വിജയദാസ്

മറുപടി

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) ജനകീയ സമരങ്ങളിൽ ഏർപ്പെടുന്നവരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പോലീസുകാർ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രതിഷേധങ്ങളെ അടിച്ചമർത്താൻ പോലീസിന് സർക്കാർ അനുവാദം നല്കിയിട്ടുണ്ടോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രതിഷേധസമരം നടത്തുന്നവരെ പോലീസ് നിയമവിരുദ്ധമായി മാർഗ്ഗത്തിലൂടെ അടിച്ചമർത്താറില്ല.

(ബി) ജനനേന്ദ്രിയത്തിൽ പിടിച്ചും ലാത്തി കൊണ്ട് ഇടിച്ചും ബൂട്ടിട്ട കാലുകൊണ്ട് തൊഴിച്ചുമുള്ള പ്രാകൃത രൂപത്തിലുള്ള പോലീസിന്റെ പ്രയോഗങ്ങൾ സർക്കാർ അറിവോടു കൂടിയാണോ ;

(ബി) പോലീസ്, സമരങ്ങളെ നേരിടുന്നത് നിയമപരവും വ്യവസ്ഥാപിതവുമായ മാർഗ്ഗങ്ങളിലൂടെ തന്നെയാണ്.

(സി) ജനകീയ സമരത്തിലേർപ്പെട്ടവരോട് ഇത്തരത്തിൽ ക്രൂരവും നിയമവിരുദ്ധവുമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ സർക്കാർ സ്വീകരിക്കുന്ന നിലപാട് എന്തായിരിക്കും ; വിശദമാക്കാമോ ?

(സി) കൃത്യനിർവ്വഹണസമയത്ത് ഇത്തരം പ്രവർത്തികൾ റിപ്പോർട്ടായാൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള നിയമപ്രകാരം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വകുപ്പുതല അന്വേഷണം നടത്തി സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ